പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 104 | 15-10-2026-ൽ മറുപടിയ്ക്ക്

## താരാപഥം പദ്ധതി

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. കെ. ജയന്ത്

ശ്രീമതി ഉഷ വിജയൻ

ശ്രീ. ടി .ഒ. മോഹനൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. എൻ. ഷംസുദ്ദീൻ

(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** സ്കൂളുകളിലെ എല്ലാ ക്ലാസ്സുകളിലും താരാപഥം എന്ന പ്രത്യേക പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

**മറുപടി:** ഉണ്ട്. സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമപദ്ധതിയിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് താരാപഥം. സ്കൂൾ കുട്ടികൾ ഓരോ ക്ലാസിലും നേടിയിരിക്കേണ്ട അക്കാദമിക മികവും നൈപുണികളും ഉറപ്പാക്കുന്നതിനും സ്കൂളുകളുടെ അക്കാദമിക പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുമായി ഡിജിറ്റൽ സങ്കേതങ്ങളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കുട്ടികളുടെ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ആവശ്യമായ പിന്തുണ നൽകുന്നതിനും കുട്ടിയുടെ ഹാജർ, സ്കോറുകൾ തുടങ്ങിയവ രക്ഷിതാക്കൾക്കുൾപ്പെടെ ലഭ്യമാക്കുന്നതിനും ഇതിലൂടെ ലക്ഷ്യമിടുന്നു.

**(ബി)** സ്കൂളുകളിൽ ഐ.ടി. പഠനം കാര്യക്ഷമമാക്കാനുള്ള ഡിജിറ്റൽ സ്ക്വയർ പദ്ധതിയെക്കുറിച്ച് വിശദമാക്കുമോ; ഇത് എങ്ങനെയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**മറുപടി:**

സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമപദ്ധതിയിൽ പ്രൈമറി വിഭാഗം സ്കൂൾ കുട്ടികൾക്കും സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള പഠന പ്രവർത്തനങ്ങൾ ലഭ്യമാക്കുന്നതിനാണ് 'ഡിജിറ്റൽ സ്ക്വയർ' പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പഠനം, ഡിജിറ്റൽ സാക്ഷരത, സർഗാത്മകത, സ്വയം പഠനശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയവയ്ക്ക് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുക എന്നതാണ് പദ്ധതിയുടെലക്ഷ്യം. പ്രൈമറി സ്കൂളുകളിൽ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള സ്വയംപഠന പൊതു ഇടം സജ്ജമാക്കൽ, നഗര-ഗ്രാമ വ്യത്യാസമില്ലാതെ ഡിജിറ്റൽ വിടവ് ഇല്ലാതാക്കൽ, എ.വി.ജി.സി. (Animation, Visual effects, Gaming, Comics) മേഖലകളിൽ കുട്ടികൾക്ക് താല്പര്യം വളർത്തൽ തുടങ്ങിയവയെല്ലാം പദ്ധതിയിലൂടെ പ്രാവർത്തികമാക്കുന്നതാണ്. പൊതുവിദ്യാലയങ്ങളിലെ 1 മുതൽ 7 വരെ ക്ലാസുകളിൽ ഡിജിറ്റൽ സാങ്കേതിക വിദ്യാപഠനത്തിനുള്ള പൊതു ഇടത്തിൽ ഏറ്റവും കുറഞ്ഞത് 2 ലാപ്ടോപ്പ്/ഡെസ്ക് ടോപ്പ് സജ്ജമാക്കിയാണ് ആദ്യഘട്ടമായി 5183 വിദ്യാലയങ്ങളിൽ പദ്ധതി ആരംഭിച്ചിട്ടുള്ളത്.

**(സി)** ലിറ്റിൽ കൈറ്റ്സ് പദ്ധതി യു.പി. സ്കൂളുകളിലും നടപ്പാക്കുന്നത് പരിഗണനയിലുണ്ടോ; വിദ്യാർത്ഥികൾക്ക് സൈബർ സുരക്ഷ ഉറപ്പാക്കാൻ പ്രോട്ടോക്കോൾ പുറത്തിറക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

**മറുപടി:** ഉണ്ട്. പ്രൈമറി തലം മുതൽ കുട്ടികളിൽ ഡിജിറ്റൽ സാക്ഷരത, സാങ്കേതിക അഭിരുചി, സർഗാത്മകത, യുക്തിചിന്ത തുടങ്ങിയവ വികസിപ്പിക്കാൻ ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകളുടെ പ്രവർത്തനം താല്പര്യമുള്ള സർക്കാർ, എയ്ഡഡ് അപ്പർ പ്രൈമറി സ്കൂളുകളിൽ 2026-27 അദ്ധ്യയന വർഷം പൈലറ്റ് അടിസ്ഥാനത്തിൽ 'ലിറ്റിൽ കൈറ്റ്സ് ജൂനിയർ' എന്ന പേരിൽ നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിലെ പൊതുവിദ്യാലയങ്ങൾക്കുള്ള സൈബർ സുരക്ഷാ പ്രോട്ടോക്കോൾ 2026 നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ 30.04.2026 ലെ സ.ഉ.(സാധാ)നം. 2978/2026/GEDN നമ്പർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുവിദ്യാലയങ്ങൾക്കുള്ള സൈബർ സേഫ്റ്റി പ്രോട്ടോകോൾ 2026 കർശനമായി നടപ്പാക്കാൻ സ്ഥാപന മേധാവികൾക്ക് ആവശ്യമായ സംവിധാനങ്ങൾ (സ്കൂൾ സൈബർ സുരക്ഷാ കമ്മിറ്റി രൂപീകരണം ഉൾപ്പെടെ) ഏർപ്പെടുത്തൽ, പ്രോട്ടോകോൾ സംബന്ധിച്ച പരിശീലനം എല്ലാ സ്കൂളുകളിലും ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകൾ വഴിയും മറ്റ് സംവിധാനങ്ങളിലൂടെയും ഏർപ്പെടുത്തൽ, പ്രോട്ടോകോൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും അവയുടെ പുരോഗതി വിലയിരുത്താനും എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന നിർദേശം നൽകുകയും അത് സ്ഥിരമായി മോണിറ്റർ ചെയ്യുകയും, സൈബർ സുരക്ഷാ പ്രോട്ടോകോൾ കർശനമായി നടപ്പാക്കാൻ ആവശ്യമായ ഡിജിറ്റൽ സംവിധാനങ്ങൾ, വിവിധ പരിശീലനങ്ങൾ, മോണിറ്ററിംഗ് തുടങ്ങിയ കാര്യങ്ങൾ ഉത്തരവിൽ കൃത്യമായി നിർദേശിച്ചിട്ടുണ്ട്. കേരളത്തിലെ പൊതുവിദ്യാലയങ്ങൾക്കുള്ള സൈബർ സുരക്ഷാ പ്രോട്ടോകോൾ 2026 വെബ്സൈറ്റിൽ ലഭ്യമാക്കുകയും സൈബർ സുരക്ഷാ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് സ്ഥാപന മേധാവികൾ ഉൾപ്പെടെയുള്ളവർക്ക് പ്രത്യേക പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**